IT @ School

DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

# E-WASTE MANAGEMENT AND DISPOSAL

## സ്കൂളുകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഇ-മാലിന്യ നിർമാർജനം

**വിവരശേഖരണത്തിനുള്ള ഓൺലൈൻ സംവിധാനം**

**<u>യൂസർ ഗൈഡ്</u>**

IT @ School
www.itschool.gov.in
**പൊതുവിദ്യാഭ്യാസ വകുപ്പ്**
**കേരള സർക്കാർ**

**ആമുഖം**

സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലുമുള്ള ഇ–മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിന് പൊതു മാനദണ്ഡം ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ)നം.1963/17/പൊ.വി.വ തീയതി 20.06.2017). ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലെയും ഇ–മാലിന്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നതിന് ഐ.ടി. @ സ്കൂൾ ഒരുക്കിയ ഓൺലൈൻ സംവിധാനമാണ് **E-WASTE MANAGEMENT AND DISPOSAL.** സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിനുള്ള സഹായവിവരങ്ങളാണ് ചുവടെ വിശദമാക്കുന്നത്.

**മുന്നൊരുക്കങ്ങൾ**

1. സർക്കാർ ഉത്തരവിൽ ഇ–മാലിന്യങ്ങളുടെ തരം തിരിക്കൽ ശീർഷകത്തിലെ രണ്ടാം നിർദ്ദേശത്തിലുള്ള സ്കൂൾതല സമിതി ചേർന്ന് ഉത്തരവ് മനസ്സിലാക്കുക.

2. വിദ്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ഐസിടി ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തുക (താല്ക്കാലിക ഉപയോഗത്തിനായി മറ്റു സ്ഥാപനങ്ങൾ/സ്കൂളുകളിൽ നിന്ന് ലഭിച്ച ഉപകരണങ്ങൾ വിദ്യാലയത്തിന്റെ ഉടമസ്ഥതയിലുള്ളതാകണമെന്നില്ല).

3. നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതും 31.03.2008 വരെ ലഭിച്ചതുമായ ഐസിടി ഉപകരണങ്ങളും 31.03.2008 ശേഷം 31.03.2010 വരെ ഉള്ള പ്രവർത്തനക്ഷമമല്ലാത്ത 600 VA UPS, CRT മോണിറ്റർ, കീബോർഡ്, മൗസ് എന്നിവ കണ്ടെത്തി രേഖപ്പെടുത്തുക (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം). survey.itschool.gov.in എന്ന സൈറ്റിൽനിന്നും പ്രൊഫോർമ ഡൗൺലോഡ് ചെയ്യാം. ഈ കാലയളവിലെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലെന്ന് സ്കൂൾതല സമിതി പരിശോധിച്ച് ഉറപ്പാക്കിയാൽ മതി.

4. സ്കൂൾതല സമിതി ഉപകരണങ്ങളെ Desktop, Laptop, Printers എന്നിങ്ങനെ തരംതിരിച്ച് രേഖപ്പെടുത്തണം. സമിതി ചേർന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഐസിടി ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലെന്നും 20.06.2017 ലെ സ.ഉ. (സാധാ) നം. 1963/17/പൊ.വി.വ സർക്കാർ ഉത്തരവിന് അനുസൃതമാണെന്നും സാക്ഷ്യപ്പെടുത്തണം. പ്രഥമാധ്യാപകന്റെ ഒപ്പോടുകൂടി സ്റ്റോക്ക് രജിസ്റ്ററിന് അനുബന്ധമായി സൂക്ഷിക്കേണ്ടതാണ്.

5. 31.03.2008 നുശേഷം ലഭിച്ച പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങളും (31.03.2010 വരെ ലഭിച്ച 600 VA UPS, CRT മോണിറ്റർ, കീബോർഡ്, മൗസ് എന്നിവ ഒഴികെ) കണ്ടെത്തി രേഖപ്പെടുത്തുക. സമിതിയിൽ മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലെന്ന് സാക്ഷ്യപ്പെടുത്തി, ഇ–വേസ്റ്റ് ആയി പരിഗണിക്കാൻ ഐടി@സ്കൂളിലേയ്ക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ച് മിനിറ്റ്സിൽ രേഖപ്പെടുത്തുക.

**വെബ്സൈറ്റിലേയ്ക്ക് ഡേറ്റ എൻട്രി നടത്തുന്നതിന്;**

1. https://survey.itschool.gov.in ൽ പ്രവേശിക്കുക.
2. ലോഗിൻ ജാലകത്തിലെ സ്കൂൾടൈപ്പ് (LP/UP, HS, HSS, VHSS) സെലക്ട്ചെയ്ത്, സമ്പൂർണ്ണയുടെ യൂസർ നെയിം പാസ്‌വേർഡ് എന്നിവ നല്കി ലോഗിൻ ചെയ്യുക. (ചിത്രം – 1 കാണുക)




ചിത്രം – 1

3. ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം (HSS, VHSS) സെലക്ട്ചെയ്ത്, യൂസർനെയിം, പാസ്‌വേർഡ് നൽകുക. (ചിത്രം – 2 കാണുക)




ചിത്രം – 2

ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന ഒന്നാമത്തെ ലിങ്കിലെ മാതൃകാ പ്രൊഫോർമ പ്രിന്റ്ചെയ്ത് ഇ–വേസ്റ്റായി പരിഗണിക്കുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുക. ഇങ്ങനെ തയ്യാറാക്കിയ പ്രൊഫോർമയിലെ വിവരങ്ങളാണ് ഓൺലൈനായി ചേർക്കേണ്ടത്.

PHASE 1 *(ആദ്യഘട്ടം: 31.03.2008 വരെ ലഭിച്ചവയും 31.03.2010 വരെയുള്ള 600VA യു.പി.എസ്, സി.ആർ.ടി മോണിറ്റർ, കീബോർഡ്, മൗസ്)*

31.03.2008 വരെ ലഭിച്ചതും നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതുമായ എല്ലാ ഐസിടി ഉപകരണങ്ങളും 31.03.2010 വരെയുള്ള 600VA യു.പി.എസ്., സി.ആർ.ടി. മോണിറ്റർ, കീബോർഡ്, മൗസ് എന്നിവയും രേഖപ്പെടുത്താനുള്ളതാണ് ഈ ലിങ്ക്. ലിങ്കിൽ ക്ലിക്ക് ചെയ്താൽ വിവിധ ഉപകരണങ്ങളുടെ പേര് രേഖപ്പെടുത്തിയ പട്ടിക കാണാവുന്നതാണ്. (ചിത്രം–3). Computer/Peripherals, Printer/Scanner/Fax, /Peripherals, UPS/Inverter, Projector, Camera, Speaker, Sound System, Visual Display unit, Radio, Vacuum cleaner, Generator, Peripherals, Network എന്നിവയും ഇതിലുൾപ്പെടാത്ത ഏതെങ്കിലും ഇനം ഉണ്ടെങ്കിൽ അവ Any other item എന്ന ഇനത്തിലും രേഖപ്പെടുത്താം.

ഹോം പേജിലെ PHASE 1 ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഡേറ്റ എൻട്രി ഫോം പ്രത്യക്ഷപ്പെടും. (ചിത്രം – 3 കാണുക)




ചിത്രം – 3

ഇ-വേസ്റ്റായി പരിഗണിക്കുന്ന item ങ്ങളുടെ പേരിനുനേരെ 'Sub items & Peripherals (E-waste)'ൽ ഉപയോഗശൂന്യമായവയുടെ പേരിനുമുമ്പുള്ള ചെക്ക് ബോക്സിൽ ടിക് മാർക്ക് രേഖപ്പെടുത്തുക. സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പർ, സീരിയൽ നമ്പർ, രേഖപ്പെടുത്തിയിരിക്കുന്ന കാരണം എന്നിവയ്ക്കൊപ്പം സെലക്ട് ചെയ്തിരിക്കുന്ന ഉപകരണത്തിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും ഏകദേശ ഭാരം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. അതേ ഇനത്തിൽ കൂടുതൽ ഉപകരണങ്ങൾ ചേർക്കേണ്ടതുണ്ടെങ്കിൽ '+'ചിഹ്നത്തിൽ ക്ലിക്ക് ചെയ്യുക. (ചിത്രം – 4 കാണുക)




ചിത്രം – 4

വിവരം തെറ്റായി രേഖപ്പെടുത്തിയാൽ ആ ഇനം പൂർണ്ണമായും ലിസ്റ്റിൽനിന്ന് ഒഴിവാക്കുന്നതിനായി Sub item ത്തിന്റെ പേരിന് പുറകിലിള്ള ചെക്ക് ബോക്സിസിൽ ടിക് മാർക്ക് രേഖപ്പെടുത്തി '–' ചിഹ്നത്തിൽ ക്ലിക്ക് ചെയ്താൽ മതിയാകും. (ചിത്രം – 5 കാണുക)




ചിത്രം – 5

ഡേറ്റ എൻട്രി ഫോമിന് താഴെയായി **Save** ബട്ടൻ കാണാം. (ചിത്രം – 6 കാണുക)




ചിത്രം – 6

ഡേറ്റ Save ആയാൽ 'Items Marked as e-waste' എന്ന തലവാചകത്തോടെ റിപ്പോർട്ട് പ്രദർശിപ്പിക്കപ്പെടും. ഇവിടെവെച്ചും ഏതെങ്കിലും Sub item വും ഒഴിവാക്കുന്നതിനുള്ള (Delete) സൗകര്യം ഉണ്ട്. (ചിത്രം – 7 കാണുക)




ചിത്രം – 7

ഏതെങ്കിലും ഒരിനം ഇനിയും ഉൾപ്പെടുത്താനുണ്ടെങ്കിൽ ഡേറ്റ എൻട്രി നടത്തുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തി Save ചെയ്യാം.

റിപ്പോർട്ട് confirm ചെയ്യുന്നതിനായി പേജിന്റെ ഏറ്റവും താഴെയുള്ള ഡിക്ലറേഷൻ വായിച്ച് അനുബന്ധമായുള്ള ചെക്ക് ബോക്സിൽ ടിക്ക് മാർക്ക് രേഖപ്പെടുത്തി **confirm** ബട്ടൻ ക്ലിക്ക് ചെയ്യുക. 'Are You Sure You Want To Confirm The Data' എന്ന ചോദ്യത്തിന് തൃപ്തികരമെങ്കിൽ 'Yes' ബട്ടൻ അമർത്തുക. (ചിത്രം – 8 കാണുക)




ചിത്രം – 8

റിപ്പോർട്ട് PDF ആയി പ്രത്യക്ഷപ്പെടും. ഏറ്റവും താഴെയായി print ബട്ടൻ ദൃശ്യമാകും.

## PHASE 2

31.03.2008 ന് മുൻപ് ലഭിച്ച ഉപകരണങ്ങളും 31.03.2010 വരെയുള്ള 600VA യു.പി.എസ്., സി.ആർ.ടി. മോണിറ്റർ, കീബോർഡ്, മൗസ് എന്നിവ മാത്രമാണ് സ്കൂൾതല സമിതിയ്ക്ക് നേരിട്ട് ഇ–മാലിന്യമാക്കാൻ സർക്കാർ ഉത്തരവ് പ്രകാരം അധികാരം നൽകിയിരിക്കുന്നത്. അതിനുശേഷം ലഭിച്ച പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ, നേരിട്ട് ഇ–മാലിന്യമാക്കാൻ സ്കൂൾതല സമിതിക്ക് അധികാരമില്ല. പകരം പ്രസ്തുത ഉപകരണങ്ങൾ സ്കൂൾതലസമിതി പരിശോധിച്ച് ഐടി@സ്കൂളിനെ അറിയിക്കേണ്ടതാണ്. പ്രോജക്ട് നിയോഗിക്കുന്ന സാങ്കേതികവിദഗ്ധരാണ് അവയെ ഇ–വെയിസ്റ്റാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത്. ഇത്തരം ഉപകരണങ്ങൾ PHASE 2 ലിങ്ക് വഴിയാണ് രേഖപ്പെടുത്തേണ്ടത്. ആദ്യ ഘട്ടത്തിൽ ഇ–മാലിന്യങ്ങളാക്കേണ്ട ഉപകരണങ്ങൾ ഓണലൈനിൽ ഉൾപ്പെടുത്തിയ രീതിയിൽത്തന്നെ PHASE 2 ൽ കണ്ടെത്തുന്ന ഉപകരണങ്ങളും ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടതാണ്.